പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *295

29.01.2014-ലെ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ടുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജെയിംസ് മാത്യൂ<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ.ദാസൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പു സാമ്പത്തിക വർഷത്തെ പൊതു ആവശ്യ ഫണ്ടും അറ്റകുറ്റപ്പണി ഫണ്ടും കൃത്യമായി അനുവദിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ ; | എ) ഇല്ല. |
| ബി) പ്രസ്തുത ഫണ്ടുകൾ അനുവദിക്കുന്നതിനുള്ള സമയക്രമം വിശദീകരിക്കാമോ ; ഇതനുസരിച്ചാണോ ഫണ്ട് അനുവദിക്കൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;<br><br>സി) ഫണ്ട് കൈമാറ്റത്തിൽ കാലതാമസം നേരിട്ടതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാനാകാത്തതായ സാഹചര്യം നിലനിൽക്കുന്നുണ്ടോ ; വിശദമാക്കുമോ ? | ബി) യും സി) യും<br>പൊതു ആവശ്യ ഫണ്ട് ഒരു സാമ്പത്തിക വർഷം പന്ത്രണ്ട് തവണകളായും സംരക്ഷണ ഫണ്ട് (അറ്റകുറ്റപണി) പത്ത് തവണകളായും നൽകി വരുന്നു. നടപ്പ് സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ പതിനൊന്നാം (ഫെബ്രുവരി മാസം വരെയുള്ളത്) തവണയും സംരക്ഷണ ഫണ്ട് പത്താമത്തെ (ജനുവരി മാസം)തവണയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടുകളുടെ കൈമാറ്റത്തിൽ കാലതാമസമില്ലെന്ന് കാണാവുന്നതാണ്. നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് 2014 മാർച്ച് 31 വരെ സമയമുണ്ട്. |

സെക്ഷൻ ഓഫീസർ